യില്ലാതെ വന്നിരിക്കുകയാണു്. എന്നാൽ ഈ കൃഷിചെയ്യുന്ന സ്ഥലത്തിനു് ഒരുനാഴിക അടുത്തുള്ള കീരനല്ലൂർ പുഴയിൽ ധാരാളം വെള്ളമുണ്ടു്. അവിടെ നിന്നും പമ്പുചെയ്തു് ഈ കൃഷിസ്ഥലങ്ങളിൽ വെള്ളംകൊണ്ടുവരാനുള്ള തോടുകളും ഉണ്ടു്. അവിടെയുള്ള പാവപ്പെട്ട കൃഷിക്കാർക്കു് ഇതു ചെയ്യുന്നതിനു് വിഷമമായതുകൊണ്ടു് സ്ഥലം എം. എൽ. എ. അവുക്കാദർ കുട്ടി നഹയുമായി തിരൂർ എക്സിക്യൂട്ടീവു് എൻജിനീയരെ സമീപിച്ചു് ഇതിലേക്കു് പമ്പു സൗകര്യം ചെയ്തുകൊടുക്കണമെന്നു പറഞ്ഞു. അദ്ദേഹം അതിനു നൽകിയ മറുപടി പമ്പു് വാടകയ്ക്കു കൊടുക്കാനേ സൗകര്യമുള്ളു, സൗജന്യമായി കൊടുക്കാൻ വ്യവസ്ഥയില്ലെന്നാണു്. ഈ കൃഷിക്കാർക്കാണെങ്കിൽ പെട്ടന്നു ദിവസേന 60 രൂപയിൽപരം വരുന്ന സംഖ്യ വാടകകൊടുത്തു പമ്പു ചെയ്യുവാനുള്ള സൗകര്യം കുറവാണു്. അതുകൊണ്ടു് പിൽക്കാലത്തു വാടക ഈടാക്കുന്ന രീതിയിൽ അടിയന്തിരമായി വെള്ളം പമ്പുചെയ്തു് കൊടുക്കണമെന്ന അപേക്ഷിച്ചിട്ടു് അതിനു നിവൃത്തിയില്ലെന്നാണു് ആ ഉദ്യോഗസ്ഥൻ വളരെ വ്യക്തമായി പറഞ്ഞതു്. അതിനുശേഷം സ്ഥലത്തെ ഡിസ്ട്രിക്ടു് ആഫ്രികൾച്ചറൽ ആഫീസറെ സമീപിച്ചു. അവർക്കു് പമ്പില്ല. സബ്സിഡി കൊടുക്കാനുള്ള സൗകര്യവുമില്ല. അങ്ങനെയുള്ള ഒരവസ്ഥയിലാണു ഇന്നു് നിൽക്കുന്നതു്. ഉൽപ്പാദനം വർദ്ധിപ്പിക്കാൻ എല്ലാ സൗകര്യങ്ങളും നൽകണമെന്നു് പ്രസിദ്ധീകരണങ്ങളും പ്രസംഗങ്ങളും നൽകുന്ന ഉദ്യോഗസ്ഥന്മാർ ആവശ്യം വരുമ്പോൾ കൈയൊഴിഞ്ഞു നിസ്സഹായവസ്ഥയിൽ നിൽക്കുന്നതിന്റെ പ്രത്യക്ഷോദാഹരണമാണു് ഞാൻ ചൂണ്ടിക്കാണിച്ചതു്. അടിയന്തിരമായി ഈ കൃഷിക്കാർക്കു് വെള്ളം നൽകിയില്ലെങ്കിൽ പതിനായിരത്തിൽപരം പറ നെല്ലു കിട്ടുന്ന ഈ പുഞ്ചകൃഷി വളരെ വേഗത്തിൽ ഉണങ്ങി നശിച്ചുപോകുമെന്നുള്ള കാര്യം കണക്കിലെടുത്തു അവരെ സഹായിക്കുന്നതിനുള്ള എന്തെങ്കിലും നടപടി അടിയന്തിരമായി സ്വീകരിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണു്. ബഹുമാനപ്പെട്ട ഗവണ്മെന്റു് ജില്ലാ അധികാരികളെ അറിയിച്ചു് അടിയന്തിരമായി നടപടികളും സ്വീകരിപ്പിക്കണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്.

കൃഷ്യുവകപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്): ഈ കാര്യത്തെപ്പറ്റി രണ്ടു ദിവസം മുമ്പു ബഹുമാനപ്പെട്ട മെംമ്പർ നഹാ ഒരു കത്തുമൂലം ഗവണ്മെന്റിനെ അറിയിച്ചു. ഉടൻതന്നെ കളക്ടറെ അറിയിച്ചു് ആവശ്യമായ പമ്പു സെറ്റു വരുത്തി നിലം ഉണങ്ങാതിരിക്കുന്നതിനവേണ്ട നടപടികളും എടുക്കാനുള്ളനിർദ്ദേശം കൊടുത്തിട്ടുണ്ടു്. അതിനുള്ള നടപടികളും ഇപ്പോൾ എടുത്തുകഴിഞ്ഞിരിക്കണം. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കൈയിലാണു് പമ്പു് അവയിലബിളായിട്ടുള്ളതു്. അതു വരുത്തി പമ്പുചെയ്യണമെന്നാണു പറഞ്ഞിട്ടുള്ളതു്. അതു് കൊണ്ടുപോകുന്നതിനും മറ്റുമുള്ള അത്യാവശ്യച്ചെലവു് കൃഷിക്കാർ വഹിക്കാറുണ്ടു്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ കൃഷിക്കാർ വഹിക്കുന്ന ചെലവുകളും ഉത്തരവാദിത്വങ്ങളും എല്ലാം അവിടത്തെ കൃഷിക്കാർ വഹിക്കുമെന്നുള്ള പ്രതീക്ഷയിലാണു് ഇങ്ങനെ ചെയ്തിട്ടുള്ളതു്.

(2) Difficulties experienced by the workers of the Trivandrum Port Boat Men's Union

Mr. Speaker: A reply is due from the Minister for Transport and Labour to Shri Antony D' Cruz's notice. I call upon the Minister to give the reply.

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

രണ്ടു ദിവസംമുമ്പു് ശ്രീ. ഡിക്രൂസു് തിരുവനന്തപുരം പോർട്ടിലെ ചില കാര്യങ്ങളും ഇവിടെ ഉന്നയിക്കുകയുണ്ടായി. തിരുവനന്തപുരം പോർട്ടിൽ കൊല്ലത്തിൽ എല്ലാ മാസങ്ങളിലും കപ്പൽ അടുക്കാറില്ല. ഈ കാലങ്ങളിൽ മാത്രമാണു ചിലപ്പോഴെല്ലാം അരിയിറക്കാനും. ഇവിടെയുള്ള ചില സാധനങ്ങളും കൊണ്ടുപോകാനുമായി കപ്പലുകളും അടുക്കാറുള്ളതു്. അങ്ങനെ കപ്പലടുക്കുമ്പോഴും അരിയിറക്കാനും, ഇവിടെനിന്നു കയറ്റാനും ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. അച്യുതൻ]:

സൗകര്യത്തിനു് ചില സൊസൈറ്റികളും ഉണ്ടാക്കിയിട്ടുണ്ടു്. ഇപ്പോഴും രണ്ടു സൊസൈറ്റികളും നിലവിലുണ്ടു്. ഒന്നു്, തിരുവനന്തപുരം, പോർട്ടു് സ്റ്റീവു്ഡോർ ആൻറു് ബോട്ട വക്കേഴ്സു് ലേബർ കോൺട്രാക്റ്റു് കോവാപ്പറേറ്റീവു് സൊസൈറ്റി. മറ്റൊന്നു് പോർട്ടു് ഹെഡ്ലോഡു് വർക്കേഴ്സു് ലേബർ കോൺട്രാക്റ്റു കോവാപ്പറേറ്റീവു് സൊസൈറ്റി. ഇങ്ങനെ രണ്ടു സൊസൈറ്റികളും വേറെ യൂണിയൻസും അവിടെ പ്രവർത്തനം നടത്തുന്നുണ്ടു്. കഴിഞ്ഞ കൊല്ലത്തിൽ ഒരു കപ്പൽ വന്നപ്പോഴും ഈ യൂണിയനുകളുടെ പ്രവർത്തനംമൂലം പത്തുപതിമൂന്നു ബോട്ടുകളിൽ കൊണ്ടുവന്ന 300-ൽ ചില്വാനം ചാക്കരി കരയ്ക്കടുപ്പിക്കാൻ സാധിക്കാതെ നഷ്ടപ്പെട്ടതു് ഈ സഭയിലെ എല്ലാ മെംബറന്മാർക്കും അറിയാവുന്ന കാര്യമാണു്. ഈ കഴിഞ്ഞ കൊല്ലത്തിൽതന്നെ സൊസൈറ്റികളിൽ യൂണിയനുമായി കാണുന്ന തർക്കങ്ങൾ തീർക്കണമെന്നു കണക്കാക്കി 21-4-63-ൽ ഒരു തീരുമാനം ഉണ്ടായിട്ടുണ്ടു്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ കൊല്ലത്തിൽ കിട്ടേണ്ട കൂലി ബാക്കി വാങ്ങിയിട്ടുണ്ടായിരിക്കുമെന്നാണു് വിചാരിക്കേണ്ടതു്. അതിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്.

In future, payments due to Boatmen towards lighterage in Trivandrum port will be made by the Port and Headload Workers, Labour Contract Co-operative Society Ltd., through their agents viz. the Trivandrum Port Stevedore and Boat workers Labour Contract Co-operative Society Ltd.

ആ എഗ്രിമെൻറു് നിലവിലുള്ള കാലത്തോളം അവർക്കു കൂലികിട്ടുന്ന കാര്യത്തെപ്പറ്റി ആക്ഷേപം പറയാനില്ല. ഇന്നും ആ എഗ്രിമെൻറു് ക്യാൻസൽ ചെയ്തിട്ടില്ല. കഴിഞ്ഞ കൊല്ലത്തിന്റെ കൂലി ബാക്കി ഉണ്ടെന്നും, അതിനു് ലേബർ ഡിപ്പാർട്ടുമെൻറു് ഇടപെട്ടിട്ടില്ലെന്നും ഇവിടെ പറയുകയുണ്ടായി. എഗ്രിമെൻറു പ്രകാരം കാര്യങ്ങൾ സമ്മതിച്ചു കഴിഞ്ഞാൽ അതു പ്രകാരം സൊസൈറ്റിക്കാർ കൂലികൊടുക്കാൻ തയാറാണെന്നു കണ്ടാൽ അതു വാങ്ങുകയല്ലാതെ മറ്റൊന്നും ചെയ്യാനില്ല. ഇക്കൊല്ലം ഒരു കപ്പൽവന്നു് അരി ഇറക്കുകയാണു്. ഈ വർഷത്തിലും ഒരു സൊസൈറ്റി പ്രധാന ഏജൻസിയായും, മറ്റു് സൊസൈറ്റി സബ്ബു് ഏജൻസിയുമായി യൂണിയനിലുള്ള ആൾക്കാരുമായി ചേർന്നാണു് ജോലി നടത്തിവരുന്നതു്. ഇപ്പോഴും ചാക്കിറക്കുമ്പോൾ ആവശ്യമായ അഡ്വാൻസും കൂലിയും കൊടുക്കുവാൻ അവർ തയ്യാറാണു്. ഒരിക്കലും തടസ്സമില്ലാതെ അഡ്വാൻസു കൊടുക്കാനും കൂലി കൊടുക്കാനും അവർ തയ്യാറാണെന്ന ഇന്നലെയും അറിയിച്ചിട്ടുണ്ടു്. കഴിഞ്ഞ വർഷത്തിലുണ്ടായ സംഭവത്തെത്തുടർന്നു ചില കേസുകളും ഉണ്ടായിരുന്നു. ചില കേസുകളും കഴിഞ്ഞു. ചിലതു് അപ്പീലിനുപോയി. അതുകൊണ്ടു് അതിനെപ്പറ്റി ഇവിടെ പറയാൻ നിവൃത്തിയില്ല. ഈ വർഷവും ചില കേസുകളും ഉണ്ടായിട്ടുണ്ടെന്നു പറഞ്ഞു. അതു് കോടതി തീരുമാനപ്രകാരം നടക്കുന്നതാണു്. ഈ കാര്യങ്ങളെപ്പറ്റി ഗവണ്മെൻറിനു് ഒന്നും പറയാൻ നിവൃത്തിയില്ല. ചില ബോട്ടുകളുടെ ലൈസൻസു ക്യാൻസൽ ചെയ്തു എന്നു പറഞ്ഞു. ബോട്ടുകളും നടത്തുന്ന ആളുകളും ശരിയായ നിലയിൽ കാര്യങ്ങൾ നിർവ്വഹിക്കാതെയിരുന്നാൽ അതു ക്യാൻസൽ ചെയ്യുകയാണെങ്കിൽ അപ്പീൽ കൊടുക്കാനുള്ള വ്യവസ്ഥയുണ്ടു്. ആ വ്യവസ്ഥയനുസരിച്ചു് അപ്പീൽ കൊടുക്കുകയാണെങ്കിൽ അതിന്റെ ഗുണദോഷങ്ങളും ആലോചിച്ചു് ലൈസൻസു കൊടുക്കാൻ തയ്യാറാണെന്നുള്ള വിവരവും അറിയിച്ചിട്ടുണ്ടു്. ഇതാണു നില. ഇങ്ങനെയൊക്കെയാണെങ്കിലും ലേബർ കമ്മീഷണർ ഈ മൂന്നു കക്ഷികളേയും വിളിച്ചു് കഴിഞ്ഞ വർഷത്തേപ്പോലെ കുഴപ്പമുണ്ടാകാതിരിക്കാൻ ഉള്ള നടപടികളും എടുക്കുന്നതാണു്.

അതിലേക്കു് ഞാൻ ഈ മൂന്നു കൂട്ടരോടും അപേക്ഷിക്കുകയാണു്. ബോട്ടുകളുടെ ലൈസൻസു് ക്യാൻസൽ ചെയ്യുന്നതുമൂലം 150-ഓളം ആളുകൾക്കു ജോലി കിട്ടുന്നില്ലെന്നു പറഞ്ഞു. ഈ ബോട്ടുകൾക്കു ലൈസൻസില്ലെ

LIBRARY ARCHIVES Kerala Legislative Assembly

ന്നല്ലാതെ, മറ്റു പ്രൊട്ടക്ടർമാരിൽ ഇവർക്ക് ജോലി കിട്ടുന്നതല്ല. കഴിഞ്ഞ കൊല്ലത്തേപ്പോലെ അനിശ്ചിതത്വമുണ്ടാകാതെ ഉടനടി പ്രത്യേകം ശ്രദ്ധിക്കണം. അല്ലെങ്കിൽ സർക്കാരിന് പട്ടിണിയാതിരിക്കാൻ നിവൃത്തി യില്ലാത്ത വരുമെന്നു ഞാൻ അറിയിക്കുകയാണ്.

(3) Satyagraha by certain famlie evicted from Ayyampancoil

Mr. Speaker: A reply is due from the Minister for Law and Revenue to Shri Srinivasan's motion. I call upon the Minister to state the facts.

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ):

സർ, പൊതുതാല്പര്യത്തിനായി 1961-ൽ ഉടുമ്പൻചോല പ്രദേശത്തുള്ള സർക്കാർ ഭൂമികളിൽനിന്നു അനധികൃതമായി പ്രവേശിച്ചു കുറെ ആളുകളെ ഇറക്കുകയുണ്ടായി. നിലവിലിരുന്ന നിയമം അനുസരിച്ചു ഗവണ്മെന്റ്വക ഭൂമികളിൽ അനധികൃതമായ പ്രവേശനം കുറ്റകരമാണ്. അവരെ പ്രോസിക്യൂട്ട് ചെയ്യാവുന്നതാണ്. ഗവണ്മെന്റിനു വന്ന നഷ്ടം അവരിൽ നിന്നും അവരുടെ സ്വത്തുക്കളിൽനിന്നും ഈടാക്കാവുന്നതാണ്. എന്നാൽ ആ നിലയിലല്ലാ, ഗവണ്മെന്റു തീരുമാനിച്ചത്. ഗവണ്മെന്റ് അതു ഒരു മാനുഷിക പ്രശ്നമായി പരിഗണിച്ചു ഇറക്കിവിട്ട ആളുകൾക്ക് പകരം ഭൂമികൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ അവർക്ക് ഓരോരുത്തർ ഭൂമിയും 25 രൂപ എക്സ്ഗ്രേഷ്യാ ഗ്രാന്റും വീടുവയ്ക്കാനുള്ള സാമഗ്രികളും കൊടുക്കാൻ തീരുമാനിച്ചു. ഓരോരുത്തർക്കും ഓരേക്കർ ഭൂമിവീതം കൊടുക്കാനാണ് തീരുമാനിച്ചത്. അതിനു പറ്റിയതായ സ്ഥലത്തെപ്പറ്റി അന്വേഷിച്ചതിൽ അമരാവതിയിൽ ഏതാനും സ്ഥലം ഉണ്ടെന്നു മനസ്സിലായി. ആ സ്ഥലം ഓരേക്കർ വീതം അവർക്ക് തിരിച്ചുകൊടുത്തു. പക്ഷെ, അമരാവതിയിലെ സ്ഥലംമാത്രം മതിയായില്ല. ഇനി എവിടെയാണ് ഇങ്ങനെ ഓരേക്കർ സ്ഥലംവീതം കൊടുക്കാൻ പറ്റിയത് എന്ന അന്വേഷിച്ചതിൽ, വളഞ്ഞങ്ങാനം എന്ന ഫാറസ്റ്റിന്റെ പുറിയ അതിനു പറ്റിയതാണ് എന്ന റിപ്പോർട്ട് ലഭിക്കുകയുണ്ടായി. ആ സ്ഥലം പുനരധിവാസത്തിനു പറ്റിയതാണെന്ന ബോർഡ് ഓഫ് റവന്യൂവിലെ ഒന്നാം മെമ്പറും അഭിപ്രായപ്പെട്ടു. ഫാറസ്റ്റ് മിനിസ്റ്ററും ബോർഡ് ഓഫ് റവന്യൂവിലെ ഒന്നാംമെമ്പറും ഫാറസ്റ്റ് മിനിസ്റ്ററുടെ നിർദ്ദേശപ്രകാരം ഇറക്കിവിടപ്പെട്ട ആളുകളുടെ പ്രതിനിധികളും കൂടി ഈ വളഞ്ഞങ്ങാനം പുതിയ സ്ഥലം പരിശോധിച്ചു. ആ സ്ഥലം പുനരധി വാസത്തിനു പറ്റിയതാണ് എന്നു് എല്ലാവർക്കും കൃഷിക്കാരുടെ പ്രതിനിധി കളും ഉൾപ്പടെ ബോദ്ധ്യമായതുകൊണ്ട് ആ സ്ഥലം ഇവർക്ക് പാർപ്പിടമായി കൊടുക്കാൻ തീരുമാനിച്ചു. വളഞ്ഞങ്ങാനം ഫാറസ്റ്റ് ഏരിയായിൽ കുറേഭാഗം പാറയാണ്. അതുകൊണ്ട് ആ സ്ഥലത്തിന്റെ പൂതാനം ഭാഗം പാർപ്പിട ത്തിനു പറ്റിയ സ്ഥലമല്ല. അതുകൊണ്ട് അങ്ങനെയുള്ള സ്ഥലം ഒഴിവാക്കിട്ട് ബാക്കി സ്ഥലം ഓരേക്കർ പ്ലോട്ടായിട്ട് തിരിച്ചുകൊടുക്കാൻ തീരുമാനിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ വളഞ്ഞങ്ങാനം എന്ന സ്ഥലത്തു 191 കുടുംബ ങ്ങൾക്കും, തട്ടാത്തിക്കാനത്തു 131 കുടുംബങ്ങൾക്കും പാർപ്പിടത്തിനു സ്ഥലം കൊടുക്കുകയുണ്ടായി. അതനുസരിച്ചു 1961 മുതൽ അവർ ഈ സ്ഥലം കൈവശംവച്ചു അനുഭവിച്ചു വരികയാണ്. 1961 മുതൽക്കു തന്നെ അവിടെ വീടുകൾവച്ചു പാർക്കുകയാണ് ചെയ്തത്. അങ്ങനെയുള്ള സ്ഥലത്തു നിന്നിരുന്ന 36 ഇഞ്ചിൽ കൂടുതൽ ടീഗർത്തുള്ള മരങ്ങൾ ഗവണ്മെന്റു വെട്ടിമാറ്റിയിട്ട് ബാക്കിയുള്ള വൃക്ഷങ്ങളോടുകൂടി സ്ഥലം കൃഷിക്കായി വിട്ടുകൊടുക്കുകയാണ് ചെയ്തത്. ഈ സ്ഥലത്തു 36 ഇഞ്ചിൽ കൂടുതൽ ടീഗർത്തുള്ള വൃക്ഷങ്ങൾ വെട്ടിമാറ്റിയതിനുശേഷം ബാക്കിയുള്ള തടികൾ മുഴുവനും കൃഷിക്കാർ വെട്ടിവിൽക്കുകയാണുണ്ടായത്. നിർഭാഗ്യവശാൽ ആ സ്ഥലത്തു താമസി ക്കുന്ന ആളുകൾക്ക് കൃഷിക്കു താല്പര്യമുള്ളതായി കാണുന്നില്ല. എന്നാൽ അവർ ആ സ്ഥലത്തുള്ള സകല വൃക്ഷങ്ങളും വെട്ടിവിൽക്കുകയും വിറകായിട്ട് ഉപയോഗിക്കുവാനുള്ള വൃക്ഷങ്ങൾകൂടി വെട്ടിമാറ്റി വിലവാങ്ങുകയുമാണ് ചെയ്തത്. രണ്ടരക്കൊല്ലം കഴിഞ്ഞതിനുശേഷം ഇപ്പോൾ ആ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly